പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 14 — 28.06.2016-ൽ മറുപടിയ്ക്ക്

# വിവരാവകാശനിയമം 2005

| | **ചോദ്യം**<br><br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | | **ഉത്തരം**<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശ നിയമം, 2005 - ന്റെ പരിധിയിൽ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കു പുറമെ ഏതൊക്കെ സ്ഥാപനങ്ങൾ ഉൾപ്പെടുമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | വിവരാവകാശ നിയമം, 2005 -ലെ സെക്ഷൻ 2(h) ൽ പ്രതിപാദിച്ചിട്ടുള്ള 'പൊതു അധികാര'സ്ഥാപനങ്ങളെയാണ് വിവരാവകാശനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>"പൊതു അധികാരസ്ഥാനം" എന്നാൽ<br><br>a) ഭരണഘടനയാൽ അല്ലെങ്കിൽ അതിൻ കീഴിൽ ;<br><br>b) പാർലമെന്റിനാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;<br><br>c) സംസ്ഥാന നിയമസഭയാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;<br><br>d) സമുചിത സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ, ഉത്തരവോ മുഖേനയോ സ്ഥാപിക്കപ്പെട്ടതോ, രൂപീകരിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനം അല്ലെങ്കിൽ നികായം അല്ലെങ്കിൽ സ്വയംഭരണസ്ഥാപനം എന്നും, കൂടാതെ സമുചിത സർക്കാരിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ നൽകപ്പെടുന്ന ഫണ്ടിനാൽ, -<br><br>(i) ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ ഗണ്യമായ സാമ്പത്തികസഹായം നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും നികായവും;<br><br>(ii) ഗണ്യമായ സാമ്പത്തികസഹായം നൽകിയിട്ടുള്ള ഏതെങ്കിലും സർക്കാരിതര സംഘടന ഉൾപ്പെടെയും എന്നർത്ഥമാകുന്നു.<br><br>ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സ്വകാര്യ മേഖലയിലെ ആശുപത്രികൾ, പണമിടപാടു സ്ഥാപനങ്ങൾ, ഇൻഷ്വറൻസ് എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല എന്നു കാണുന്നു. |
| (ബി) | ഈ നിയമത്തിന്റെ പരിധിയിൽ സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ഇൻഷ്വറൻസ്, പണമിടപാട് സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ